## പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1090** **21/03/2013 ൽ മറുപടിക്ക്**

### സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം പരിശോധിക്കുവാനും മെച്ചപ്പെടുത്തുവാനും എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം പരിശോധിക്കുവാനും മെച്ചപ്പെടുത്തുവാനും മാത്രമായി പ്രത്യേക സംവിധാനങ്ങൾ ഇല്ല. എന്നാൽ കേരള സിലബസ് സ്കീമിൽ നടത്തി വരുന്ന ടെർമിനൽ പരീക്ഷകളും നിരന്തര വിലയിരുത്തൽ പ്രവർത്തനങ്ങളും സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും നടത്തി വരുന്നുണ്ട്. ഈ വിലയിരുത്തൽ ഫലങ്ങൾ വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും അറിയിക്കുന്നുമുണ്ട്. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വിദ്യാലയങ്ങളിലെ ഇംഗ്ളീഷ് ഭാഷാ പഠനത്തിന് വേണ്ടി നടപ്പിലാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ ; ഇതിനുവേണ്ടി ഇംഗ്ളീഷ് ഭാഷാധ്യാപകർക്കും മറ്റു വിഷയങ്ങൾ ഇംഗ്ളീഷിൽ പഠിപ്പിക്കുന്നവർക്കും പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വിശദവിവരങ്ങൾ നൽകുമോ ;

(ബി) 1,2 ക്ലാസ്സുകളിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്താനായി ഒരു ഇൻററാക്ടീവ് ഡി.വി.ഡി. വികസിപ്പിച്ച് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകൾക്കും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

തൃശ്ശൂരിൽ ഇംഗ്ലീഷ് ഭാഷാ അധ്യാപകരെ പരിശീലിപ്പിക്കാനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനം ഉദ്ഘാടനം ചെയ്യപ്പെടുകയും, അതിൻെറ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നുവരുന്നുമുണ്ട്.

ഇംഗ്ലീഷ് ഡി.വി.ഡി. കൈകാര്യം ചെയ്യാൻ ഡയറ്റ്, എസ്.എസ്.എ എന്നീ ഏജൻസികൾ അധ്യാപകർക്ക് പരീശീലനം നല്കിയിട്ടുണ്ട്.

എല്ലാ വർഷവും 150 പ്രൈമറി അധ്യാപകരെയും 150 സെക്കൻഡറി അധ്യാപകരെയും ആർ.ഐ.ഇ (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്) ബാംഗ്ലൂരിൽ ഇംഗ്ലീഷ് ഭാഷയിൽ ഒരു മാസ പ്രത്യേക പരിശീലനത്തിനായി അയക്കുന്നുണ്ട്.

(സി) സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ചുവരുന്ന കുട്ടികൾ മത്സര പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിനുവേണ്ടി സ്കൂൾ തലത്തിൽ കുട്ടികൾക്ക് നൽകുന്ന പ്രത്യേക പരിശീലനം എന്താണെന്ന് പറയാമോ ; ഇതിനുവേണ്ടി അദ്ധ്യാപകരെ

(സി) മത്സര പരീക്ഷക്ക് കുട്ടികളെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ പ്രത്യേക പരിശീലനം നല്കുന്നില്ല. എന്നാൽ ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം ഭാഷാ

പ്രത്യേകമായി നിയമിക്കുന്നുണ്ടോ ; വിശദ വിവരം നൽകമോ ?

വിഷയങ്ങൾ എന്നിവയിൽ ഉയർന്ന നിലവാരമുള്ളവരെ വളർത്തിയെടുക്കാനായി വിവിധ മേളകളും, സെമിനാറുകളും, പരിശീലന ക്യാമ്പുകളും, ക്വിസ് പ്രോഗ്രാമുകളും സ്കൂളുകളിൽ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ